(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽപ്പെട്ട വലിയകുളം പൂഴിക്കുന്ന് എന്നീ ശുദ്ധജല പദ്ധതിയിൽ നിന്നും കുറെ മാസങ്ങളായി ശുദ്ധജലം ലഭിക്കുന്നില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതികളിലെ അറ്റകുറ്റപ്പണികൾ എത്രയും വേഗം പൂർത്തിയാക്കി ശുദ്ധജലം എത്തിക്കുന്നതിനുവേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൂഴിക്കുന്ന് പദ്ധതിക്കുവേണ്ടി അടിയന്തിരമായി പമ്പ് വാങ്ങുകയും അത് ഘടിപ്പിക്കുന്ന ജോലികൾ, തുടങ്ങുകയും ചെയ്തു. ഈ പണി പൂർത്തിയാകുമ്പോൾ ശുദ്ധജലം ഉയർന്ന പ്രദേശങ്ങളിലും കൂടി എത്തിക്കുവാൻ സാധിക്കും. കൂടാതെ വലിയകുളം പദ്ധതിക്ക് വേണ്ടി കൂടുതൽ ശേഷിയുള്ള ഒരു പമ്പ് അടിയന്തിരമായി വാങ്ങുന്നതിലേക്കായി നടപടി സ്വീകരിച്ചു വരുന്നു.

39 (1684) വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന മെക്കാനിക്കൽ സബ് ഡിവിഷൻ ഓഫീസ് കണ്ണൂരിലേക്ക് മാറ്റിസ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൽ വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന മെക്കാനിക്കൽ സബ്ഡിവിഷൻ ഓഫീസ് കണ്ണൂരിലേക്ക് മാറ്റി സ്ഥാപിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഓഫീസിന്റെ പ്രവർത്തനപരിധിയിൽ ഏതൊക്കെ ജില്ലകൾ ഉൾപ്പെടുമെന്ന് വിശദമാക്കുമോ;

(ഡി) ജീവനക്കാർക്കും മറ്റു വിഭാഗം ജനങ്ങൾക്കും സൗകര്യപ്രദമായ സ്ഥലത്താണ് ഇപ്പോൾ ഓഫീസ് പ്രവർത്തിച്ചുവരുന്നതെന്ന് സർക്കാരിന് അഭിപ്രായമുണ്ടോ;

(ഇ) ഇല്ലെങ്കിൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് പ്രസ്തുത ഓഫീസ് മാറ്റുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത ഓഫീസ് കണ്ണൂർ സിവിൽ സ്റ്റേഷനിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള സ്ഥലം ലഭ്യമാണോയെന്നും ഓഫീസ് മാറ്റുന്നതിനും ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള സാമ്പത്തിക ചെലവ് എത്രയാണെന്നും റിപ്പോർട്ട് ചെയ്യാൻ ജലസേചന വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കണ്ണൂർ, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകൾ.

(ഡി) ഇല്ല.

(ഇ) പ്രസ്തുത ഓഫീസ് സൗകര്യപ്രദമായ സ്ഥലത്തേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

40 (1685) നെയ്യാർ ഇറിഗേഷൻ ചാനലുകളിൽ അറ്റകുറ്റപ്പണികൾ നടത്താൻ നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഇറിഗേഷൻ സ്കീമിൽപ്പെട്ട പല ചാനലുകളും വർഷങ്ങളായി അറ്റകുറ്റപ്പണികൾ നടത്താത്തതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പല ഭാഗത്തും ചാനലുകൾ കാടുകയറി സമീപവാസികൾക്കും കൃഷിക്കാർക്കും ബുദ്ധിമുട്ടുണ്ടാകുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഈ തടസ്സങ്ങൾ കാരണം അണക്കെട്ടിൽ നിന്നും തുറന്നുവിടുന്ന വെള്ളം നിശ്ചിത തോതിൽ കൃഷിയിടങ്ങളിൽ എത്തിച്ചേരുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എത്രയും വേഗം അറ്റകുറ്റപ്പണികൾ നടത്തി തടസ്സങ്ങൾ നീക്കം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) സിൽട്ട് അടിഞ്ഞും കാടുപിടിച്ചും കനാലിലൂടെ കൃഷിയിടങ്ങളിൽ വെള്ളം എത്താതിരിക്കുന്ന സ്ഥലങ്ങളിൽ വെള്ളം എത്തിക്കുന്നതിനു വേണ്ടി റീവാമ്പിംഗ് ആന്റ് കൺസോളിഡേഷൻ എന്ന പദ്ധതിയിൽ നെയ്യാർ ജലസേചന പദ്ധതിയും ഉൾപ്പെടുത്തി ഈ വർഷം പണികൾ നടത്തുന്നുണ്ട്. പൂവാർ ഈസ്റ്റ്, പൂവാർ വെസ്റ്റ്, ചൊവ്വര എന്നീ കനാലുകളാണ് ഈ വർഷം എടുത്തിട്ടുള്ളത്. മൂന്നു വർഷംകൊണ്ട് പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന റിവാമ്പിംഗ് ആന്റ് കൺസോളിഡേഷൻ പദ്ധതി പൂർത്തിയാകുമ്പോൾ നെയ്യാർ ഇറിഗേഷൻ സ്കീമിൽപ്പെട്ട എല്ലാ കനാലുകളിലും അവസാനഭാഗം വരെ വെള്ളം എത്തുന്നതാണ്.

41 (1686) വലിയകുളം കാഡാ സ്കീമിൽ ഉൾപ്പെടുത്തി നന്നാക്കാൻ നടപടി

ശ്രീ. എൻ. സുന്ദരൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്കൽ പഞ്ചായത്തിലെ വലിയകുളം നന്നാക്കുന്നതിന് കാഡാ സ്കീമിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും അത് അംഗീകരിച്ച് ടെണ്ടർ നൽകുന്നതിന് അനുമതിക്കായുള്ള ഫയൽ കാഡായുടെ തൃശ്ശൂരിലെ

LIBRARY ARCHIVES Kerala Legislative Assembly